പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3160 — 14.07. 2015 ൽ മറുപടിക്ക്

കെ.എസ്. ഇ.ബി. ജീവനക്കാരുടെ വിരമിയ്ക്കൽ ആനുകൂല്യങ്ങളിൽ നിന്നും നികുതി

ചോദ്യം
ശ്രീ. പി.സി.ജോർജ്

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി ജീവനക്കാരുടെ വിരമിയ്ക്കൽ ആനുകൂല്യങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള പുതിയ പദ്ധതി ഏത് മാനദണ്ഡം അനുസരി-ച്ചാണെന്ന് വിവരിയ്ക്കുമോ ; | (എ) കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാരുടെ ശമ്പളം വിരമിക്കൽ ആനുകൂല്യങ്ങൾ എന്നിവയിൽ നിന്നുള്ള വരുമാനനികുതി അതാത്കാലത്ത് നിലവിലുള്ള ആദായനികുതി നിയമം, 1961 -ലെ വകുപ്പുകൾക്ക് അനുസൃതമായാണ് ഈടാക്കുന്നത്. |
| (ബി) ഇതിനായി ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചി-ട്ടുണ്ടെങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി യിൽ നിന്നും ഈ വർഷം പുറപ്പെടുവിച്ച സർക്കുലറുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) ഇത്തരത്തിൽ അമിത നികുതി ഈടാക്കുന്നതിൽ നിന്നും കെ.എസ്.ഇ.ബി പിൻമാറുമോ; വിശദമാക്കുമോ ? | (സി) ആദായനികുതി നിയമം അനുശാസിക്കുന്ന ആദായ നികുതിയാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാരിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുന്നത്. ആദായ നികുതിയിൽ ഇളവുകൾ അനുവദിക്കേണ്ടത് കേന്ദ്ര സർക്കാർ ആണ്.കെ.എസ്.ഇ.ബി.യ്ക്ക് ജീവനക്കാരെ ആദായനികുതിയിൽ നിന്നും ഒഴിവാക്കാനാവില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്